# ഹാകിമിയ്യ

ഭാഗം 1

# സലഫി പണ്ഡിതന്മാർക്ക് പറയാനുള്ളത്

അബൂഹംന റാഷിദ് ഖലീൽ റഹ്മാൻ

**ആമുഖം**

"<u>ഹാക്കിമിയത്തെ ഇലാഹ്, ഹാകിമിയത്തുല്ലാഹ്, ഹുകുമത്തെ ഇലാഹി, അൽഹുകൂമത്തുൽ ഇലാഹിയ, ലാ ഹാകിമ ഇല്ലല്ലാഹ് തുടങ്ങിയ വാക്കുകളിൽ പൊതുവെ അറിയപ്പെടുന്ന ഈ ആശയം സയ്യിദ് മൗദൂദി ആവിഷ്കരിച്ചതും സയ്യിദ് ഖുതുബ് പിൻബലം നല്കിയതും നവീന ഇസ്ലാമിസ്റ്റുകൾ പ്രചരിപ്പിക്കുന്നതും ഇറാനിൽ നടപ്പിൽ വരുത്തിയതും പാകിസ്ഥാൻ, ഈജിപ്ത് തുടങ്ങിയ മുസ്ലിം നാടുകളിൽ നടപ്പിലാക്കാൻ ഇസ്ലാമിസ്റ്റുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു പുതിയ ആശയമാണ്:</u> അതേ സമയം ഇസ്ലാമിൽ അങ്ങനെയൊന്നില്ല എന്നൊരു ദുഷ്പ്രചാരണം വളരെ ശക്തമായും വിപുലമായും അഴിച്ചുവിടപ്പെട്ടിട്ടുണ്ട്. ഖുർആനിലെ ദീൻ എന്ന പദത്തിന്റെ സാക്ഷാൽ അർത്ഥവ്യാപ്തി ഉൾക്കൊള്ളാത്തതും ചില ആരാധനകളും സമ്പ്രദായങ്ങളും മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതുമായ ഇന്നത്തെ 'മതം' എന്ന പദം ഉപയോഗിച്ചുകൊണ്ട് അല്ലാഹുവിനുമാത്രം അവകാശപ്പെട്ട നിയമനിർമ്മാണമേഖല വളരെ ഹ്രസ്വമാക്കിക്കളയുന്ന മറ്റൊരു തരം പ്രചാരണവും നടത്തപ്പെടുന്നുണ്ട്. ഭരണപരവും രാഷ്ട്രീയവും മറ്റുമായ ലൗകിക കാര്യങ്ങളിൽ ഇസ്ലാമിൽ പ്രത്യേക നിയമങ്ങളൊന്നുമില്ല; അവിടെ മനുഷ്യനു യഥേഷ്ടം നിയമനിർമ്മാണം നടത്താവുന്നതാണ്." (കെ. സി. അബ്ദുല്ല മൗലവി, ഇബാദത്ത് ഒരു സമഗ്രപഠനം, പരിഷ്കരിച്ച 2ാം പതിപ്പ്, പേജ് 75)

ഹാകിമിയ്യ അഥവാ തൗഹീദുൽ ഹാകിമിയ്യ എന്ന പദം മൗദൂദി ആവിഷ്കരിച്ചതാണെന്നും അറബ് ലോകത്ത് അതിന് പ്രചാരണം നൽകിയത് സയ്യിദ് ഖുതുബാണെന്നും മുകളിൽ അടിവരയിട്ട ഭാഗത്തുനിന്നും മനസ്സിലാക്കാം. ദീനിൽ പുതിയ ആശയങ്ങൾ ആരു തന്നെ രൂപപ്പെടുത്തിയാലും, സ്വാഭാവികമായുണ്ടാകുന്ന ന്യൂനതകൾ അതിൽ മുഴച്ചുനില്ക്കും. അത് തുറന്ന് കാട്ടുന്ന ദൗത്യം എക്കാലഘട്ടങ്ങളിലും അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ നിർവഹിച്ചിട്ടുണ്ട്. ഹാകിമിയ്യ എന്ന സംജ്ഞ തെറ്റായി ഉപയോഗിച്ചുള്ള ജമാഅത്ത്- ഇഖ്വാനീ കൂട്ടുകെട്ടിനെതിരിൽ ഇന്ന് സലഫികൾ ജനങ്ങളെ ഉദ്ബുദ്ധരാക്കുവാൻ ശ്രമിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. എന്നാൽ, ഹാകിമിയ്യ എന്നത് തൗഹീദിന്റെ ഏത് ഇനത്തിൽ പെടുമെന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായ ങ്ങളുണ്ടായി. റുബൂബിയ്യയിലാണെന്ന് ചിലരും, ഉലൂഹിയ്യയിലാണെന്ന് ചിലരും, റുബൂബിയ്യയിലും ഉലൂഹിയ്യയിലുമാണെന്ന് മറ്റു ചിലരും അഭിപ്രായപ്പെട്ടു. എങ്കിലും, ഈ ഒരു പദം രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി ആവിഷ്കരിച്ചതാണെന്ന വിഷയത്തിൽ സലഫീ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. അതു കാരണം, ഈ രാഷ്ട്രീയമതക്കാരുടെ പ്രബോധനത്തോടും ഉദ്ദേശ്യലക്ഷ്യങ്ങളോടും അവർ അങ്ങേയറ്റം വിയോജിക്കുന്നു. മാത്രമല്ല, ഹാകിമിയ്യയെ തൗഹീദിന്റെ നാലാമത്തെ വകുപ്പായി എണ്ണുന്നതിനെയും അവർ എതിർത്തു. പ്രസ്തുത പരിശ്രമങ്ങളെയാണ് മേൽഉദ്ധരണിയിലെ അടിവരയിടാത്ത ഭാഗത്ത് ലേഖകൻ തെറ്റായി വ്യാഖ്യാനിക്കുന്നത്. അല്ലാഹു അവന്റെ ദീനിന്റെ അറിവുകൊണ്ട് അനുഗ്രഹിച്ച,

വിനയാന്വിതരും പക്വമതികളുമായ സലഫീ പണ്ഡിതൻമാരുടെ പ്രസ്തുത വിഷയത്തിലുള്ള മറുപടിയാണ് തുടർന്നുള്ള താളുകളിൽ സവിസ്താരം പ്രതിപാദിക്കുന്നത്. ഉപകാരപ്പെടും, തീർച്ച... ഇൻശാ അല്ലാഹ്.

**തൗഹീദുൽ ഹാകിമിയ്യയെ ഒരു പ്രത്യേക വകുപ്പായി പരിഗണിക്കുന്നതിനെ കുറിച്ച് ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽ ഉഥൈമീൻ ( رَحِمَهُ اللهُ )**

തൗഹീദുൽ ഹാകിമിയ്യയെ ഒരു പ്രത്യേകവകുപ്പായി പരിഗണിക്കുന്നതിനെ സംബന്ധിച്ച് ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽ ഉഥൈമീനോട് ( رَحِمَهُ اللهُ ) ഇപ്രകാരം ചോദിക്കപ്പെട്ടു:

**ما تقول فيمن أضاف للتوحيد قسما رابعا وسماه توحيد الحاكمية؟**

തൗഹീദിൽ നാലാമതൊരു വിഭാഗം കൂടി ഉൾപ്പെടുത്തി അതിന് തൗഹീദുൽ ഹാകിമിയ്യ എന്ന് പേരിട്ട് വിളിക്കുന്നവരെ കുറിച്ച് താങ്കൾ എന്ത് പറയുന്നു?

അദ്ദേഹം പറഞ്ഞു:

**نقول : إنه ضال وجاهل ؛ لأن توحيد الحاكمية هو توحيد الله عز وجل ، فالحاكم هو الله عز وجل، فإذا قلت : التوحيد ثلاثة أنواع كما قاله العلماء : توحيد الربوبية فإن توحيد الحاكمية داخل في توحيد الربوبية ؛ لأن توحيد الربوبية هو توحيد الحكم والخلق والتدبير لله عز وجل ، وهذا قول محدث منكر ، وكيف توحيد الحاكمية ما يمكن أن توحد هذه ؟ ، هل معناه : أن يكون حاكم الدنيا كلها واحد أم ماذا ؟ فهذا قول محدث مبتدع منكر ينكر على صاحبه ، ويقال له : إن أردت الحكم فالحكم لله وحده ، وهو داخل في توحيد الربوبية ؛ لأن الرب هو الخالق المالك المدبر للأمور كلها ، فهذه بدعة وضلالة**

"അവൻ പിഴച്ചവനും ജാഹിലുമാണെന്ന് നാം പറയും. കാരണം, തൗഹീദുൽ ഹാകിമിയ്യ എന്നത് അല്ലാഹുവിന്റെ തൗഹീദ് തന്നെയാണ്. ഹാകിം (വിധികർത്താവ്) അല്ലാഹുവാണ്. അതിനാൽ, നീ പറഞ്ഞാൽ: പണ്ഡിതന്മാർ പറയുന്നതു പോലെ തൗഹീദ് മൂന്ന് വിഭാഗമാണ്: തൗഹീദുർറുബൂബിയ്യ എന്ന വിഭാഗത്തിലാണ് തൗഹീദുൽ ഹാകിമിയ്യ ഉൾക്കൊള്ളുക. കാരണം ഹുക്മ് (വിധികർതൃത്വം), ഖൽക് (സൃഷ്ടിപ്പ്), തദ്ബീർ (ചിട്ടപ്പെടുത്തൽ, നിയന്ത്രണം) എന്നിവയിലുള്ള തൗഹീദാണ് തൗഹീദുർറുബൂബിയ്യ: എന്നത്.

ഇത് (തൗഹീദുൽ ഹാകിമിയ്യ എന്ന നാലാമതൊരു വിഭജനം) തള്ളപ്പെടേണ്ട നൂതനമായ ഒരു വാക്കാണ്. ഹാകിമിയ്യത്തിൽ ഏകനാക്കുക എന്നത് സാധ്യമല്ലെന്നിരിക്കെ പിന്നെ എങ്ങനെയാണ് തൗഹീദിൽ ഹാകിമിയ്യ?! അങ്ങനെ ഏകനാക്കുവാൻ സാധിക്കുമോ? ദുനിയാവിന്റെ മുഴുവൻ ഹാകിം (വിധികർത്താവ്) ഏകനാണ് എന്നാണോ അതിനർത്ഥം, അതല്ല മറ്റെന്തെങ്കിലുമാണോ? ഇത് പുതുതായി കെട്ടിയുണ്ടാക്കിയതും, തള്ളപ്പെടേണ്ടതുമായ ഒരു വാക്കാണ്. പറഞ്ഞവനിലേക്ക് തന്നെ ഇതു മടക്കേണ്ടതുമാണ്. ഹുക്മ് (വിധികർതൃത്വം) ആണ് ഉദ്ദേശിച്ചതെങ്കിൽ, അത് ശരിയാണ്. ഹുക്മ് അല്ലാഹുവിന് മാത്രമാണ്. അതാകട്ടെ, തൗഹീദുർറുബൂബിയ്യയിൽ ഉൾപ്പെടും. കാരണം *റബ്ബ്* (രക്ഷിതാവ്) തന്നെയാണ് എല്ലാ കാര്യങ്ങളുടെയും *ഖാലിക്*ും (സ്രഷ്ടാവ്), *മാലിക്*ും (ഉടമസ്ഥൻ), *മുദബ്ബിറ്*ും (നിയന്ത്രിക്കുന്നവൻ). അതിനാൽ ഇത് (തൗഹീദുൽ ഹാകിമിയ്യ എന്ന നാലാമതൊരു വിഭജനം) ബിദ്അതും ളലാലതു(വഴികേടു)മാണ്."

(ലിക്വാഉൽ ബാബ് അൽ മഫ്തൂഹ് (ന: 150)ൽ നിന്ന്. പല റസാഇലുകളിലും ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. **العلماء يتولون تفنيد الدعاوى السياسية المنحرفة لعبد الرحمن عبد الخالق** എന്ന ഗ്രന്ഥവും (പേ: 45) കാണുക.)

**ഹിസ്ബികളെയും ഇഖ്‌വാനികളെയും കുറിച്ച് ശൈഖ് സ്വാലിഹ് അൽ ഫൗസാൻ (حَفِظَهُ الله)**

'സിൽസിലതു ശർഹുർ റസാഇൽ' (പേ: 148) എന്ന തന്റെ ഗ്രന്ഥത്തിൽ, ശൈഖ് ഫൗസാൻ (حَفِظَهُ الله) പറയുന്നു:

**تفسير الحزبيين والإخوانيين اليوم يقولون: (لا إله إلا الله) أي: لا حاكمية إلا لله، والحاكمية كما يسمو ا جزء من معنى لا إله إلا الله ؛ لأن معناها شامل لكل أنواع العبادات فنقول لهم: وأين بقية العبادات ، أين الركوع والسجود والذبح والنذر وبقية العبادات؟! هل العبادة هي الحاكمية فقط إذا كان معناها عندكم الحاكمية فقط ؟وأين ما تنفيه من أنواع الشرك ؟ يا سبحان الله ! ينبغي التنبه لهذه الأمور ؛ لأن هذه كلمة عظيمة ، هي المنجية من النار لمن حققها**

"**لا إله إلا الله** എന്നതിന് 'അല്ലാഹുവല്ലാതെ ഹാകിമിയ്യത്തിന് അർഹനായി മറ്റാരുമില്ല' എന്നർത്ഥം നൽകുന്ന ഇന്നത്തെ ഹിസ്ബികളുടെയും ഇഖ്‌വാനികളുടെയും വിവരണം ഇതാണ്: ഹാകിമിയ്യത്തിന്റെ ആശയത്തിൽ എല്ലാ തരം ആരാധനകളും ഉൾക്കൊള്ളുന്നതിനാൽ അത് **لا إله إلا الله** യുടെ ഭാഗമാണെന്ന് അവർ വാദിക്കുന്നു. എന്നാൽ, നമുക്ക് അവരോട് ചോദിക്കാനുള്ളത് ഇതാണ്: എന്നാൽ റുകൂഅ്, സുജൂദ്, ദബ്ഹ് (അറവ്), നേർച്ച തുടങ്ങിയ മറ്റു ആരാധനാ കർമ്മങ്ങൾ ഇതിൽ എവിടെയാണുള്ളത്? ഇബാദത് എന്നത് ഹാകിമിയ്യത്ത് മാത്രമാണോ? അത് നിരാകരിക്കുന്ന ശിർക്കിന്റെ ഇനങ്ങൾ എവിടെ? യാ സുബ്ഹാനല്ലാഹ്! ഇത്തരം വിഷയങ്ങൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. കാരണം ഇത് (**لا إله إلا الله**) മഹത്തായ ഒരു വാക്കാണ്. ഇതിനെ സാക്ഷാത്കരിക്കുന്നവനെ അത് നരകത്തിൽ നിന്നും മോചിപ്പിക്കും. അതിന്മേലാണ് ദീൻ മുഴുവൻ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. നബിമാരുടെ പ്രബോധനവും അവതീർണ്ണമായ മുഴുവൻ വേദഗ്രന്ഥങ്ങളും ഈയൊരു വാക്കിന്മേലാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്."

**തൗഹീദുൽ ഹാകിമിയ്യയെ കുറിച്ച് ശൈഖ് അൽബാനി (رَحِمَهُ الله)**

ശൈഖ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനിയോട് (رَحِمَهُ الله) ഇപ്രകാരം ചോദിക്കപ്പെട്ടു:

"ഓ ശൈഖ്, സലഫുകളിൽപ്പെട്ട പണ്ഡിതന്മാർ തൗഹീദിനെ അർറുബൂബിയ്യ, അൽ ഉലൂഹിയ്യ, അൽ അസ്മാഉ വസ്സ്വിഫാത് എന്നിങ്ങനെ മൂന്ന് ഇനങ്ങളായിട്ടാണല്ലോ വേർതിരിച്ചത്. എന്നാൽ 'തൗഹീദുൽ ഹാകിമിയ്യ' അഥവാ 'വിധികർതൃത്വത്തിലുള്ള തൗഹീദ്' എന്ന നാലാമതൊരിനം ഉണ്ടെന്ന് പറയുന്നത് ശരിയാണോ?

അദ്ദേഹം പറഞ്ഞു:

"ഹാകിമിയ്യ എന്നത് തൗഹീദുൽ ഉലൂഹിയ്യയുടെ ശാഖയാണ്. **മുൻകാലക്കാർക്ക് പരിചയമില്ലാത്ത ഈ വ്യാഖ്യാനത്തിന് ഊന്നൽ നൽകുന്ന ആധുനികരായ ചിലർ, പ്രവാചകന്മാർ കൊണ്ടു വന്ന**

**തൗഹീദ് ജനങ്ങളെ പഠിപ്പിക്കുന്നതിന് വേണ്ടിയുള്ള ആയുധമായിട്ടല്ല അതിനെ ഉപയോഗിക്കുന്നത്. മറിച്ച്, രാഷ്ട്രീയത്തിനുള്ള ഒരായുധമായിട്ടാണ് അവരതിനെ ഉപയോഗിക്കുന്നത്.** അതിനാൽ, പല തവണ ഞാൻ ആവർത്തിച്ച് മറുപടി പറഞ്ഞിട്ടുള്ള വിഷയമാണെങ്കിലും കൂടി, നിങ്ങൾക്ക് താത്പര്യമുണ്ടെങ്കിൽ ഞാൻ ഈ പറഞ്ഞതിനെ നിങ്ങൾക്ക് സ്ഥാപിച്ചു തരാം. അതല്ലെങ്കിൽ നമുക്ക് നമ്മുടെ ചർച്ചയുമായി മുന്നോട്ട് പോകാം.

ഹാകിമിയ്യത് എന്നത് ആധുനികരായ ചില പാർട്ടികൾ തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യത്തിനായി ഉപയോഗിച്ചു വരുന്ന ഒരു പദാവലിയാണ് എന്നത് മുമ്പും ഇതു പോലുള്ള സന്ദർഭങ്ങളിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ്. ദമസ്കസിലെ ഒരു പള്ളിയിൽ ഖുതുബ നടത്തുന്ന ഒരാളും ഞാനുമായി നടന്ന ഒരു സംഭാഷണത്തെ കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരാം. ഒരു ജുമുഅ ദിവസം, വിധികർതൃത്വം അല്ലാഹുവിന് മാത്രമാക്കുന്നതിനെ കുറിച്ചായിരുന്നു അയാളുടെ ഖുതുബ. എന്നാൽ കർമ്മശാസ്ത്രപരമായ ഒരു വിഷയത്തിൽ അയാൾക്ക് ഒരു പിഴവ് പറ്റിയപ്പോൾ നമസ്കാരശേഷം അയാളുടെ അടുക്കലേക്ക് ചെന്നു കൊണ്ട് സലാം ചൊല്ലിയ ശേഷം ഞാൻ പറഞ്ഞു, 'സഹോദരാ, നിങ്ങൾ ഇന്ന ഇന്ന വിഷയം പറഞ്ഞപ്പോൾ അത് നബിചര്യക്കെതിരായിരുന്നു.' അപ്പോൾ അയാൾ പറഞ്ഞു, 'ഞാൻ ഒരു ഹനഫിയാണ്. ഹനഫീ മദ്ഹബിലുള്ളത് മാത്രമാണ് ഞാൻ പറഞ്ഞത്.' ഞാൻ പറഞ്ഞു, 'സുബ്ഹാനല്ലാഹ്! വിധികർതൃത്വം അല്ലാഹുവിന് മാത്രമാണെന്നാണ് നിങ്ങൾ ഖുതുബ പറഞ്ഞത്. ഇസ്‌ലാമിക ശരീഅത്തനുസരിച്ച് വിധി നടത്തുന്നില്ല എന്ന കാരണത്താൽ ഭരണാധികാരികളെ കാഫിറുകളായി പ്രഖ്യാപിച്ച് അവരെ ആക്രമിക്കുന്നതിന് വേണ്ടി മാത്രമാണ് നിങ്ങളിത് പറയുന്നത്. നിങ്ങൾ സ്വന്തത്തെ വിസ്മരിച്ചു കളയുന്നു. അല്ലാഹുവിന്റെ വിധികർതൃത്വം മുഴുവൻ മുസ്‌ലിങ്ങളെയും ആവരണം ചെയ്യുന്നതാണ്. എന്നിട്ടും, നബി ഇന്ന ഇന്ന പ്രകാരം ചെയ്തുവെന്ന് ഞാൻ പറഞ്ഞപ്പോൾ 'എന്റെ മദ്ഹബ് ഇന്നാലിന്നതാണ്' എന്ന് നിങ്ങളെന്തിനാണ് പറഞ്ഞത്? അപ്പോൾ നിങ്ങൾ ജനങ്ങളോട് പ്രബോധനം ചെയ്തതിനെതിരായി നിങ്ങൾ തന്നെ പ്രവർത്തിക്കുകയാണ്.'

(അൽ മുസ്‌ലിമൂൻ, ന. 639, 25 ദുൽ ഹിജ്ജ 1417)

**ലജ്നതുദ്ദാഇമ:യുടെ ഫത്‌വ**

**السؤال الخامس من الفتوى رقم 18870**

**بدأ بعض الناس- من الدعاة- يهتم بذكر توحيد الحاكمية ، بالإضافة إلى أنواع التوحيد الثلاثة المعروفة . فهل هذا القسم الرابع يدخل في أحد الأنواع الثلاثة أم لا يدخل ، فنجعله قسما مستقلا حتى يجب أن تم به ؟ ويقال : إن الشيخ محمد بن عبد الوهاب اهتم بتوحيد الألوهية في زمنه ، حيث رأى الناس يقصرون من هذه الناحية ، والإمام أحمد في زمنه في توحيد الأسماء والصفات ، حيث رأى الناس يقصرون في التوحيد من هذه الناحية ، وأما الآن فبدأ الناس يقصرون نحو توحيد الحاكمية ، فلذلك يجب أن تم به ، فما مدى صحة هذا القول ؟**

"പ്രബോധനരംഗത്തുള്ളവരിൽ ചിലർ തൗഹീദിന്റെ അറിയപ്പെട്ട മൂന്നിനങ്ങൾക്ക് പുറമെ 'തൗഹീദുൽ ഹാകിമിയ്യത്തി'ന് പ്രാധാന്യം നൽകിത്തുടങ്ങിയിരിക്കുന്നു. നാലാമത്തെ ഈ ഇനം

(നിലവിലുള്ള) മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെടുമോ ഇല്ലേ? അതല്ലെങ്കിൽ അതിനെ ഒരു പ്രത്യേക ഇനമായി എണ്ണിക്കൊണ്ട് അതിന് പ്രാധാന്യം നൽകേണ്ടതുണ്ടോ?

മാത്രമല്ല, തന്റെ കാലത്തുള്ള ജനങ്ങൾ തൗഹീദുൽ ഉലൂഹിയ്യയുടെ വിഷയത്തിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽ പെട്ടപ്പോൾ ശൈഖ് മുഹമ്മദുബ്നു അബ്ദുൽ വഹ്ഹാബ് (رَحِمَهُ الله), തൗഹീദിന്റെ ആ ഇനത്തിന് ഊന്നൽ നൽകി. അതേ രൂപത്തിൽ, ഇമാം അഹ്മദിന്റ (رَحِمَهُ الله) കാലത്തുള്ള ജനങ്ങൾക്ക് തൗഹീദുൽ അസ്മാഉ വസ്സിഫാതിന്റെ വിഷയത്തിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപെട്ടപ്പോൾ ഇമാം അഹ്മദ് (رَحِمَهُ الله), തൗഹീദിന്റെ ആ ഇനത്തിന് ഊന്നൽ നൽകി. എന്നാൽ ഇന്നുള്ളവർ തൗഹീദുൽ ഹാകിമിയ്യയുടെ വിഷയത്തിൽ പുറകോട്ടു പോയതിനാൽ നാം അതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഈ ന്യായം ശരിയാണോ?"

**أنواع التوحيد ثلاثة : توحيد الربوبية ، وتوحيد الألوهية ، وتوحيد الأسماء والصفات ،وليس هناك قسم رابع والحكم بما أنزل الله يدخل في توحيد الألوهية ، لأنه من أنوع العبادة لله سبحانه ، وكل أنواع العبادة داخل في توحيد الألوهية ؛ وجعل الحاكمية نوعا مستقلا من أنواع التوحيد عمل محدث ، لم يقل به أحد من الأئمة فيما نعلم ، لكن منهم من أجمل وجعل التوحيد نوعين : توحيد في المعرفة والإثبات ؛ وهو توحيد الربوبية وتوحيد الأسماء والصفات . وتوحيد في الطلب والقصد ؛ وهو توحيد الألوهية ، ومنهم من فصل فجعل التوحيد ثلاثة أنواع كما سبق . والله أعلم.**

**ويجب الاهتمام بتوحيد الألوهية جميعه ، ويبدأ بالنهي عن الشرك ؛ لأنه أعظم الذنوب ويحبط جميع الأعمال ، وصاحبه مخلد في النار ، والأنبياء جميعهم يبدؤون بالأمر بعبادة الله والنهي عن الشرك ، وقد أمرنا الله باتباع طريقهم والسير على منهجهم في الدعوة وغيرها من أمور الدين . والاهتمام بالتوحيد بأنواعه الثلاثة واجب في كل زمان ؛ لأن الشرك وتعطيل الأسماء والصفات لا يزالان موجودين ، بل يكثر وقوعهما ويشتد خطرهما في آخر الزمان ، ويخفى أمرهما على كثير من المسلمين ، والدعاة إليهما كثيرون ونشيطون.**

**وليس وقوع الشرك مقصورا على زمن الشيخ محمد بن عبد الوهاب ، ولا تعطيل الأسماء والصفات مقصورا على زمن الإمام أحمد - رحمهما الله - ، كما ورد في السؤال ، بل زاد خطرهما وكثر وقوعهما في مجتمعات المسلمين اليوم ، فهم بحاجة ماسة إلى من ينهى عن الوقوع فيهما ويبين خطرهما . مع العلم بأن الاستقامة على امتثال أوامر الله وترك نواهيه وتحكيم شريعته - كل ذلك داخل في تحقيق التوحيد والسلامة من الشرك.**

**وبالله التوفيق ، وصلى الله على نبينا محمد وآله وصحبه وسلم.**

**اللجنة الدائمة للبحوث العلمية والإفتاء**

**عضو: بكر أبو زيد — عضو: صالح الفوزان — عضو: عبد الله بن غديان — نائب الرئيس: عبد العزيز آل الشيخ — الرئيس: عبد العزيز بن عبد الله بن باز**

"തൗഹീദ് മൂന്ന് വിഭാഗമാണ്: തൗഹീദുർറുബൂബിയ്യ, തൗഹീദുൽ ഉലൂഹിയ്യ, തൗഹീദുൽ അസ്മാഉ വസ്സിഫാത്. നാലാമതൊരു വിഭാഗം അതിനില്ല. അല്ലാഹു ഇറക്കിയതനുസരിച്ച് വിധിക്കുന്നത് തൗഹീദുൽ ഉലൂഹിയ്യയിലാണ് ഉൾപ്പെടുക. കാരണം അത് അല്ലാഹുവിനുള്ള

ആരാധനകളിൽപ്പെട്ടതാണ്. ആരാധനയുടെ എല്ലാ ഇനങ്ങളും തൗഹീദുൽ ഉലൂഹിയ്യക്ക് കീഴിലാണ് വരിക. അതിനാൽ ഹാകിമിയ്യത്തിനെ പ്രത്യേക വകുപ്പായി പരിഗണിക്കുന്നത് ബിദ്അത്താണ്. നാം അറിഞ്ഞിടത്തോളം പണ്ഡിതന്മാരിലാരും തന്നെ അപ്രകാരം പറഞ്ഞിട്ടില്ല.

എന്നാൽ, കൂടുതൽ സാമാന്യവൽക്കരിച്ചു കൊണ്ട് തൗഹീദ് രണ്ടിനങ്ങളാണെന്ന് പറഞ്ഞ ചിലരുണ്ട്. ഒന്ന്: അറിഞ്ഞതും സ്ഥിരീകരിച്ചതുമായ തൗഹീദ് (അൽ മഅ്രിഫ വൽ ഇഥ്ബാത്) - ഇതാണ് തൗഹീദുർറുബൂബിയ്യയും തൗഹീദുൽ അസ്മാഉ വസ്സ്വിഫാതും. മറ്റൊന്ന്: തേട്ടത്തിന്റെയും ഉദ്ദേശ്യത്തിന്റെയും തൗഹീദ് (അത്ത്വലബ് വൽ ക്വസ്ദ്) - ഇതാണ് തൗഹീദുൽ ഉലൂഹിയ്യ. മറ്റു ചിലർ അതിനെ സവിശേഷവൽകരിച്ചു കൊണ്ട് മൂന്നായി തിരിച്ചു. അതാണ് നാം മുകളിൽ കണ്ടത്. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

അതു കൊണ്ട് തൗഹീദുൽ ഉലൂഹിയ്യയിൽ ശ്രദ്ധ പതിപ്പിക്കുകയും ശിർക്കിനെ വിലക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. കാരണം, അതാണ് ഏറ്റവും വലിയ പാപം. അത് കർമ്മങ്ങളെ മുഴുവൻ നിഷ്ഫലമാക്കിക്കളയുകയും, അതിൽ അകപ്പെട്ടവനെ ശാശ്വതമായി നരകത്തിൽ വസിപ്പിക്കുകയും ചെയ്യും. കൂടാതെ, മുഴുവൻ പ്രവാചകൻമാരും അല്ലാഹുവിനെ മാത്രം ആരാധിക്കാൻ കൽപിക്കുകയും ശിർക്കിനെ വിലക്കുകയും ചെയ്തു കൊണ്ടാണ് തങ്ങളുടെ പ്രബോധനം ആരംഭിച്ചത്. അവരുടെ പാത പിന്തുടരാനും ദഅ്വത്തിന്റെ വിഷയത്തിലും മറ്റു ദീനീ വിഷയങ്ങളിലും അവരുടെ രീതിശാസ്ത്രം സ്വീകരിക്കാനുമാണ് അല്ലാഹു നമ്മോട് കൽപിച്ചത്.

അതിനാൽ, തൗഹീദിനെ മൂന്നായി തിരിക്കലാണ് എല്ലാ കാലത്തും അനിവാര്യമായിട്ടുള്ളത്. കാരണം ശിർക്കും (അല്ലാഹുവിന്റെ) നാമവിശേഷണങ്ങളെ നിഷേധിക്കലും ഇന്നും നിലനിൽക്കുന്നു. എന്നു മാത്രമല്ല, അതു അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുകയും അതിന്റെ വിപത്ത് കാലക്രമേണ വർദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഇവ രണ്ടിന്റെയും ഗൗരവത്തെ കുറിച്ച് മുസ്‌ലിംകളിൽ പലരും അജ്ഞരാണ്. എങ്കിലും അവ രണ്ടിലേക്കും ക്ഷണിക്കുന്നവർ ധാരാളമുണ്ട്. അവർ അതിൽ സജീവമാണ്.

ചോദ്യത്തിൽ പരാമർശിക്കപ്പെട്ടത് പോലെ, ശിർക്ക് എന്നത് ശൈഖ് മുഹമ്മദുബ്നു അബ്ദുൽ വഹ്ഹാബിന്റെ(رحمه الله) കാലത്ത് മാത്രം സംഭവിക്കുന്ന ഒന്നല്ല. അതുപോലെ, നാമഗുണ വിശേഷണങ്ങളെ നിഷേധിക്കൽ ഇമാം അഹ്മദിന്റെ(رحمه الله) കാലത്ത് മാത്രമായുള്ളതുമല്ല. പ്രത്യുത, ആധുനിക മുസ്‌ലിംകൾക്കിടയിൽ അതിന്റെ വിപത്ത് വർദ്ധിക്കുകയും അത് പ്രചരിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ, അവയിൽ പതിക്കുന്നതിൽ നിന്നും ജനങ്ങളെ വിലക്കുകയും അവയുടെ വിപത്തിനെ കുറിച്ച് താക്കീത് നൽകുകയും ചെയ്യുന്നവരുടെ ആവശ്യകത ഇന്ന് ഏറെ വർദ്ധിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ചും അവന്റെ വിലക്കുകൾ വെടിഞ്ഞും അവന്റെ ശരീഅത്ത് നടപ്പിലാക്കിയും നേരെ ചൊവ്വെ നിലകൊള്ളണമെന്ന് അറിയുക. ഇവയെല്ലാം തൗഹീദ് സാക്ഷാത്കരിക്കുകയും, ശിർക്കിൽ നിന്നും മാറി നിൽക്കുകയും ചെയ്യുന്നതിന്റെ ഭാഗമാണ്.

അല്ലാഹുവിന്റെ രക്ഷയും സമാധാനവും മുഹമ്മദ് നബി(ﷺ)യുടെയും അദ്ദേഹത്തിന്റെ അനുചരന്മാരുടെയും മേൽ ചൊരിയട്ടെ.

**ഇനി അല്പം ചിന്തിക്കുക**

ഇതുവരെയുള്ള വായനയിൽനിന്നും നമുക്ക് മനസിലാകുന്നത്:

- ഹാകിമിയ്യ എന്ന സംജ്ഞ ചില താത്പര്യങ്ങൾക്കുവേണ്ടി പുതുതായി ആവിഷ്കരിച്ചതാണ്.
- അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ പണ്ഡിതന്മാർ ഇഖ്വാനികളുടെ ഹാകിമിയ്യ എന്ന പ്രയോഗത്തെയും അതിലേക്കുള്ള പ്രബോധനത്തെയും ഒരു നിലക്കും അനുകൂലിക്കുന്നില്ല.
- അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ പണ്ഡിതന്മാർ ഹാകിമിയ്യ എന്ന സംജ്ഞ കൊണ്ടുവന്നവരെയും പ്രസ്തുത സിദ്ധാന്തത്തെയും പ്രമാണബദ്ധമായിതന്നെ എതിർക്കുന്നു.
- അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ചില പണ്ഡിതന്മാർ ഹാകിമിയ്യ സാങ്കേതികമായി തൗഹീദു അർറുബൂബിയ്യയിലാണെന്നും, അതല്ല തൗഹീദു അൽഉലൂഹിയ്യയിലാണെന്നും അഭിപ്രായപ്പെടുന്നു.
- അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ എല്ലാ പണ്ഡിതരും ഹാകിമിയ്യ തൗഹീദിന്റെ നാലാമത്തെ വിഭാഗമായി അവതരിപ്പിക്കുന്നതിനെ എതിർക്കുകയാണ് ചെയ്തത്. അതുവഴി ഇഖ്വാനികളുടെ ഉൽപന്നമായ ഹാക്മിയ്യ എന്ന സിദ്ധാന്തത്തെ സലഫി പണ്ഡിതന്മാർ തള്ളിക്കളയുകാണ് ചെയ്തത്.

ഇവിടെ ഒരു സംശയം ഉടലെടുക്കാം; എന്തുകൊണ്ടാണ് ഹാകിമിയ്യ തൗഹീദു അർറുബൂബിയ്യയിലാണെന്നും, അതല്ല തൗഹീദു അൽഉലൂഹിയ്യയിലാണെന്നുമുള്ള വ്യത്യസ്ഥ അഭിപ്രായം പ്രമുഖ പണ്ഡിതന്മാർക്കിടയിൽ രൂപപ്പെട്ടത്.

അതിനുള്ള കാരണം ഒന്നാമതായി പറയുകയാണെങ്കിൽ ഹാകിമിയ്യ എന്ന സംജ്ഞയും പ്രസ്തുത സിദ്ധാന്തത്തിലേക്കായുള്ള പ്രബോധനവും സലഫുകൾക്ക് (സച്ചരിതരായ പൂർവ്വസൂരികൾക്ക്) അപരിചിതമായിരുന്നു എന്നതുതന്നെയാണ്. ഹാക്മിയ്യ എന്ന സംജ്ഞ ആവിഷ്കരിച്ചതിനെക്കുറിച്ച് വിശദീകരിക്കവെ ഉസ്താദ് മൗദൂദി തന്നെ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയതാണ്. അത്കൊണ്ട്തന്നെ സലഫി പണ്ഡിതർക്കിടയിൽ മേൽ പറയപ്പെട്ട രൂപത്തിലുള്ള അഭിപ്രായവ്യത്യാസം ഉണ്ടായിത്തീർന്നത് തീർത്തും സ്വാഭാവികം മാത്രം. എന്നാൽ, ഈ അഭിപ്രായഭിന്നത അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ പണ്ഡിതർക്കുനേരെ വിമർശനം നടത്തുവാനുള്ള ആയുധമായി നോക്കിക്കാണേണ്ടതില്ല. അതായത്, ഹാകിമിയ്യ തൗഹീദു അർറുബൂബിയ്യയിലാണെന്ന് അഭിപ്രായപ്പെട്ട പണ്ഡിതർക്കുനേരെയും, അൽഉലൂഹിയ്യയിലാണെന്ന് അഭിപ്രായപ്പെട്ടവർക്കുനേരെയും അഭിപ്രായഭിന്നതയും അതിലെ വൈരുദ്ധ്യവും ആരോപിച്ചുകൊണ്ട് വിമർശിക്കേണ്ട സാധ്യതയില്ല. കാരണം, അവർ ഹാകിമിയ്യയെ എങ്ങിനെ നോക്കിക്കണ്ടു എന്നിടത്താണ് വിഷയത്തിന്റ മർമ്മം കുടികൊള്ളുന്നത്. ഇക്കാര്യം ഗ്രഹിച്ചുകഴിഞ്ഞാൽ സലഫി പണ്ഡിതർക്കിടയിൽ പ്രസ്തുത വിഷയത്തിലുള്ള വൈരുദ്ധ്യമല്ല, മറിച്ച് അവർക്കിടയിലുള്ള വൈവിധ്യമാണ് സത്യാന്വേഷികൾക്ക് ദർശിക്കുവാൻ കഴിയുക. ഇത് അറിയണമെങ്കിൽ, തൗഹീദിന്റെ വിഭജനവുമായി ബന്ധപെട്ടുകൊണ്ടുള്ള പരിപ്രേക്ഷ്യം കൃത്യമായ നിലക്കുതന്നെ മനസിലാക്കേണ്ടതുണ്ട്.

അടിസ്ഥാനപരമായി തൗഹീദു അർറുബൂബിയ്യയിൽ രണ്ട് കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്:

1. **അല്ലാഹുവിന്റെ പ്രവൃത്തികൾ** (ഉദാ: സൃഷ്ടിപ്പ്, അനുഗ്രഹം വർഷിക്കൽ, മരിപ്പിക്കൽ).
2. മേൽപറഞ്ഞതിലുള്ള ഒരടിമയുടെ ധാരണ, അതോടൊപ്പം സൃഷ്ടാവായ അല്ലാഹുവിന്റെ നടപടികളിൽ ഒരൊറ്റ സൃഷ്ടികൾക്കും യാതൊരു പങ്കുമില്ല എന്ന ഉറച്ച വിശ്വാസവും.

അടിസ്ഥാനപരമായി തൗഹീദു അൽഉലൂഹിയ്യയിൽ രണ്ട് കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്:

1. അല്ലാഹുവിന്റെ സൃഷ്ടിയായ **അടിമയുടെ പ്രവൃത്തികൾ** (ആരാധനകൾ).
2. മേൽപറഞ്ഞ ആരാധനയിൽ, യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ ആരും തന്നെയില്ല എന്ന അടിമയുടെ ഉറച്ച വിശ്വാസം.

അടിസ്ഥാനപരമായി തൗഹീദു അൽഅസ്മാഉ വസ്സിഫാത്ത് രണ്ട് കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്:

1. അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങൾ.
2. മേൽപറഞ്ഞ നാമഗുണ വിശേഷണങ്ങളിലുള്ള ഒരടിമയുടെ വിശ്വാസം. ഈ നാമഗുണ വിശേഷണങ്ങളിൽ അടിമ ആരെയും പങ്കുചേർക്കാതെ അതെല്ലാം അല്ലാഹുവിനു മാത്രം അനുയോജ്യമായി നിലക്ക് ഉള്ളതായി വിശ്വസിച്ച് അവനെ ഏകപ്പെടുത്തുക.

തന്മൂലം, അല്ലാഹുവിന്റെ പ്രവൃത്തികളുമായി ബന്ധപ്പെടുത്തി (ഹറാമും ഹലാലും നിർണ്ണയിക്കാനുള്ള അല്ലാഹുവിന്റെ അധികാരം അഥവാ വിധികർതൃത്വം) ഹാകിമിയ്യയെ വീക്ഷിച്ച പണ്ഡിതന്മാർ അതിനെ തൗഹീദു അർറുബൂബിയ്യയിൽ ഉൾപ്പെടുത്തി. അതേപോലെ അല്ലാഹുവിന്റെ സൃഷ്ടിയായ അടിമയുടെ പ്രവൃത്തികളുമായി ബന്ധപ്പെടുത്തി ഹാകിമിയ്യയെ വീക്ഷിച്ച പണ്ഡിതന്മാർ അതിനെ തൗഹീദു അൽഉലൂഹിയ്യയിലും ഉൾപ്പെടുത്തി. കാരണം ആ അടിമ മതശാസനകൾക്ക് (ശർഹിയ്യായ) അനുസൃതമായി ഭരണം നിർവ്വഹിക്കുകയും, അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്ന മഹനീയമായ ഇബാദത്തിൽ ഉൾപ്പെടുന്ന പ്രവൃത്തിയാണ് അതുവഴി ചെയ്തത്.

ചുരുക്കത്തിൽ, തൗഹീദിന്റെ ഏത് ഇനത്തിലാണ് ഹാകിമിയ്യയെ തീർച്ചപ്പെടുത്തേണ്ടത് എന്നത് അതിനെ എപ്രകാരമാണ് നമ്മൾ നോക്കിക്കാണുന്നത് എന്നതുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. സലഫി പണ്ഡിതന്മാർ വളരെ വ്യക്തമായിത്തന്നെ ഇക്കാര്യം നമുക്ക് പഠിപ്പിച്ചു തരുന്നുണ്ട്. അതിന്നുദാഹരണമാണ് താഴെയുള്ള ഫത്‌വാ:

**തൗഹീദിന്റെ വിഭജനവും ഹാകിമിയ്യയും - ശൈഖ് അബ്ദുൽ മുഹ്സിൻ അൽഅബ്ബാദ്** (حَفِظَهُ الله)

**السؤال: هل يصح تقسيم التوحيد إلى أربعة أقسام رابعها توحيد الحاكمية؟**

**ചോദ്യം:** തൗഹീദിനെ നാല് ഭാഗമായി തരംതിരിക്കൽ ശരിയാകുമോ? നാലാമത്തേത് തൗഹീദുൽ ഹാകിമിയ്യ?

الجواب: هذا ليس بصحيح؛لأن الحاكمية داخلة في الثلاثة، وليست خارجة عنها؛ لأ ا قسم منها، وليست قسيماً لها؛ لأن القسيم معناه غيره، وأما كونه داخلاً فيه فلا يحتاج إلى أن يفرد ويميز مع أنه داخل في غيره، فأنواع التوحيد ثلاثة وهي: الربوبية، والألوهية، والأسماء والصفات. وتوحيد الحاكمية داخل في الربوبية من جهة أن الحكم لله، والله تعالى هو الذي يحكم، وهو الذي يشرع، وداخل في توحيد الألوهية لأن التنفيذ والتطبيق هو عبادة لله عز وجل، وهذا هو توحيد الألوهية.

الشيخ عبد المحسن العباد

**ഉത്തരം**: ഇത് ഒരിക്കലും ശരിയല്ല. കാരണം ഹാകിമിയ്യ തൗഹീദിന്റെ മൂന്നിനങ്ങളിൽ ഉൾപ്പെടുന്നതാണ്. അവയിൽനിന്ന് പുറത്തല്ല. അവയിലൊരു ഭാഗമാണ്. അവയോടൊപ്പം ക്വസീമല്ല (ഭാഗം വെക്കുന്നതല്ല). കാരണം ക്സീമിന്റെ അർത്ഥം ഭാഗം എന്നതല്ല. എന്നാൽ ഹാകിമിയ്യ അതിൽ പെട്ടതാണെന്ന് പറയുമ്പോൾ ഉദ്ദേശ്യം അത് മറ്റൊന്നിൽ ഉൾപ്പെടുന്നതായിരിക്കെ അതിനെ ഒറ്റക്ക് പറയുകയോ പ്രത്യേകമാക്കുകയോ ചെയ്യേണ്ട ആവശ്യമില്ല.

അപ്പോൾ തൗഹീദിന്റെ ഇനങ്ങൾ മൂന്നാകുന്നു. റുബൂബിയ്യത്ത്, ഉലൂഹിയ്യത്ത്, അസ്മാഉ വസ്സിഫാത്ത്. ഹുക്മ് അല്ലാഹുവിന് മാത്രം എന്ന നിലക്ക് ഹാകിമിയ്യ തൗഹീദു അർറുബൂബിയ്യയിൽ പെട്ടതാണ്. അവനത്രേ വിധിക്കുന്നത്. അവനത്രേ മതനിയമങ്ങൾ നിർമ്മിക്കുന്നത്.

അത് (ഹാകിമിയ്യ) തൗഹീദു അൽഉലൂഹിയ്യയിൽ പെട്ടതുമാണ്. കാരണം മതനിയമങ്ങൾ നടപ്പിലാക്കലും പ്രയോജനവൽകരിക്കലും അല്ലാഹുവിനുള്ള ഇബാദത്താണ്. അത് തൗഹീദു അൽഉലൂഹിയ്യയാണ്.

(ശൈഖ്  അബ്ദുൽ മുഹ്സിൻ അൽഅബ്ബാദ്, ശറഹ് സുനൻ അബൂദാവൂദ്)

### ഒരിക്കൽ കൂടി ചിന്തിക്കുക

ഉപരിസൂചിത വരികളിൽനിന്ന് വളരെ വ്യക്തമായി നമുക്ക് ഗ്രഹിക്കാൻ കഴിയും; ഹാകിമിയ്യ എന്നതിനെ എപ്രകാരമാണ് നമ്മൾ നോക്കിക്കാണുന്നത് അതുമായി ബന്ധപ്പെടുത്തിയാണ് തൗഹീദിന്റെ ഇന്ന വകുപ്പിലാണതെന്ന സ്ഥിരീകരണം ഉണ്ടാവുക. എന്നാൽ, ഹാകിമിയ്യയെ തൗഹീദിന്റെ നാലാമത്തെ വിഭാഗമായി എണ്ണുന്നത് അല്ലാഹുവിന്റെ ദീനിനെ ദുർവ്യാഖ്യാനം ചെയ്യുവാനും ഹാകിമിയ്യയിലേക്ക് പ്രത്യേകമായി പ്രബോധനം ചെയ്യുന്നത് ദീനിന്റെ മുൺഗണനാ ക്രമത്തെ തകിടം മറിക്കുവാനും വാതിലുകൾ തുറന്നുകൊടുക്കലായിരിക്കും. ആയതിനാൽതന്നെ സലഫുകൾക്ക് അന്യമായ ഇഖ്വാനികളുടെ പ്രസ്തുത വാദം സലഫികൾ അംഗീകരിക്കുന്നില്ല എന്നു മാത്രമല്ല, അതിനെ ശക്തമായി എതിർക്കുകയും ചെയ്യുന്നു.

### വാൽക്കഷ്ണം

തൗഹീദുൽ ഹാകിമിയ്യ എന്ന സിദ്ധാന്തം മൗദൂദി ആവിഷ്കരിച്ചതാണ് എന്നത് ജമാഅത്ത് – ഇഖ്വാനീ വളയത്തിനകത്ത് വിഹരിച്ചിരുന്ന ഒരാൾ തന്നെ അഭിപ്രായപ്പെട്ടാലോ? അക്കാര്യം ജമാഅത്ത് പ്രസിദ്ധീകരണം തന്നെ ഉദ്ധരിക്കുകയും കൂടി ചെയ്താൽ?! ഫഹ്മീ ഹുവൈദി എന്ന ചിന്തകനാണ്

പ്രസ്തുത അഭിപ്രായപ്രകടനം നടത്തിയത്, അദ്ദേഹത്തിന്റേതായ വാക്കുകൾ കെ.സി. അബ്ദുല്ല മൗലവി തന്റെ **'ഇബാദത്ത്: ഒരു സമഗ്രപഠനം'** എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നു:

"നാമുദ്ദേശിക്കുന്നതും ആഗ്രഹിക്കുന്നതുമായ ഇസ്ലാമിക ഗവൺമെന്റിന്റെ സ്വഭാവം എന്തായിരിക്കും? ഇസ്ലാമിസ്റ്റുകൾക്കിടയിൽ ഏറ്റവും പ്രചാരം നേടിയ മറുപടി ഇതാണ്: അല്ലാഹുവിന്റെ വാക്യം ഉയർത്തുന്നതിന് അല്ലാഹുവിന്റെ പാർട്ടി നടപ്പിലാക്കുന്ന, അല്ലാഹുവിന്റെ പരമാധികാരം അംഗീകരിച്ച ഗവൺമെന്റ് ഹാകിമിയ്യതുല്ലാഹുവിന്റെ വക്താക്കളാണിവർ. പാക്കിസ്ഥാനിലെ മഹാപണ്ഡിതൻ അബുൽ അഅ്ലാ മൗദൂദിയാണ് ഈ പ്രയോഗം ആവിഷ്കരിച്ചിട്ടുള്ളത് (മുസ്ത്വലഹാതിൽ). സയ്യിദ് ഖുതുബ് അറബ് ലോകത്ത് അതിന് നല്ല പ്രചാരണം നൽകി. ധാരാളം ഗ്രന്ഥങ്ങളുടെ വരികൾക്കിടയിൽ ഒളിഞ്ഞോ തെളിഞ്ഞോ ഇന്നത് പ്രത്യക്ഷപ്പെടുന്നുണ്ട്." (അൽഖുർആനു വൽ സുൽത്താൻ: 138). (കെ. സി. അബ്ദുല്ല മൗലവി, ഇബാദത്ത് ഒരു സമഗ്രപഠനം, 4 ാം പതിപ്പ്, പേജ് 38)